(സി) പൂർത്തിയാകുമ്പോഴേക്ക് ഈ പദ്ധതികൊണ്ടു 41,760 ഹെക്ടർ സ്ഥലത്തിനു പ്രയോജനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഈ പദ്ധതി ഏറെടുത്തു നടത്തുന്നതിനുള്ള കാലതാമസം കൊണ്ട് യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല.

പി. എൽ. ആക്ടർ

737 [1075] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എൽ. ആക്ടർ അനുസരിച്ച് തോട്ടങ്ങളിൽ തൊഴിലാളികൾക്ക് ക്ലബ്ബ് സൗജന്യവും ശുദ്ധജല വിതരണവും നടത്തണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ പീരുമേട്ടിലുള്ള അരണക്കൽ, ടൈഫോർഡ്, ചീനത്തലാർ, ഒറമരം തോട്ടം ഉടമകൾ ഇത് തൊഴിലാളികൾക്ക് നിഷേധിച്ച് നിയമലംഘനം നടത്തിയതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽപ്പറഞ്ഞ സൗകര്യങ്ങൾ പൂർണ്ണമായും നിഷേധിച്ചതായി പരാതി കിട്ടിയിട്ടില്ല. എന്നാൽ പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(സി) ശുദ്ധജല വിതരണത്തിലും ക്ലബ്ബിന്റെ നടത്തിപ്പിലും ഉള്ള പോരായ്മകൾ പരിഹരിക്കുന്നതിന് തോട്ടം ഉടമകൾക്ക് വേണ്ട നിർദ്ദേശങ്ങൾ പരിശോധനാ ഉദ്യോഗസ്ഥൻമാർ നൽകിയിട്ടുണ്ട്.

പി. എൽ. ആക്ടറിലെ വ്യവസ്ഥകൾ നടപ്പാക്കാത്ത തോട്ടം ഉടമകൾ

738 [1076] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിലുള്ള റ്റി. റ്റി. കമ്പനി വക തേങ്ങാക്കൽ, പാംപനാർ, ഗ്രാംപി, മൗണ്ട്, ശബരിമല, മഞ്ചുമല, പുതുക്കാട്, പഴയകാട്, ഫാക്ടറി കോളനി എന്നീ തോട്ടങ്ങൾ പി. എൽ. ഇൻസ്പെക്ടറോ ഉയർന്ന ഉദ്യോഗസ്ഥരോ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ സന്ദർശിച്ചിട്ടുണ്ടോ;

(ബി) പി. എൽ. ആക്ടറിലെ വ്യവസ്ഥകൾ യാതൊന്നും നടപ്പാക്കാത്ത ഈ ഉടമകൾക്കെതിരായി ഇതുവരേയും ഗവൺമെൻറ് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) മെച്ചമായ താമസസൗകര്യം, ശുദ്ധജലവിതരണം, വീടുകൾ റിപ്പയർ ചെയ്യൽ തുടങ്ങിയ കാര്യങ്ങളെല്ലാം പി. എൽ. ആക്ടനുസരിച്ച് ക്രമീകരിക്കാത്തത് എന്തുകൊണ്ടാണ്;

(ഡി) ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് നേരിട്ട് ഇതേക്കുറിച്ച് അന്വേഷിക്കുവാൻ ഉടനെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാംപനാർ എസ്റ്റേറ്റ് ഒഴികെയുള്ള തോട്ടങ്ങൾ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ പീരുമേട് പ്ലാന്റേഷൻ ഇൻസ്പെക്ടർ സന്ദർശിച്ചിട്ടുണ്ട്. പാംപനാർ എസ്റ്റേറ്റ് അവസാനമായി പ്ലാന്റേഷൻ ഇൻസ്പെക്ടർ സന്ദർശിച്ചത് 1978 മേയ് മാസത്തിലാണ്.

ശബരിമല, പുതുക്കാട്, പഴയകാട്, ഫാക്ടറി കോളനി എന്നീ പേരുകളിൽ എസ്റ്റേറ്റുകൾ ഉള്ളതായി അറിവില്ല.

(ബി) മേൽ പ്രസ്താവിച്ച തോട്ടങ്ങളിൽ പി. എൽ. ആക്ടിലെ വ്യവസ്ഥകൾ യാതൊന്നും നടപ്പിലാക്കിയിട്ടില്ല എന്ന ആരോപണം ശരിയല്ല. അതുകൊണ്ട് ഗവൺമെന്റ് പ്രത്യേകമായ നടപടിയൊന്നും സ്വീകരിക്കേണ്ടതായ സന്ദർഭം ഉണ്ടായിട്ടില്ല.

(സി) താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിനും വീടുകൾ റിപ്പയർ ചെയ്യുന്നതിനും തോട്ടമുടമകളെക്കൊണ്ട് കാലാകാലങ്ങളിൽ നടപടികൾ സ്വീകരിപ്പിക്കുന്നതിന് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ നിർദ്ദേശങ്ങൾ നൽകികൊണ്ടിരിക്കുന്നുണ്ട്.

(ഡി) ചീഫ് ഇൻസ്പെക്ടർമാരോട് ആവശ്യമായ അന്വേഷണം നടത്താൻ നിർദ്ദേശിക്കാം.

പള്ളിക്കലാറിന്റെ കരയ്ക്കു സംരക്ഷണ പണികൾ

739 [1077] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ ശൂരനാട്ടു വടക്കേ പഞ്ചായത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ് മുതൽ വീട്ടിനാൽ ക്ഷേത്രം വരെ പള്ളിക്കലാറിന്റെ കരയ്ക്കു സംരക്ഷണ പണികൾ നടത്തുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് എത്ര ആയിരം രൂപയാണ്;

(സി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഈ ജോലി തുടങ്ങുവാനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) അടുത്ത സാമ്പത്തിക വർഷം ഇതിന്റെ പണി തുടങ്ങുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly